# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം. *103**

**28.04.2017-ന് മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസ സംരക്ഷണം

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ
„ എൽദോസ് കുന്നപ്പിള്ളി
„ ഹൈബി ഈഡൻ
„ വി.ടി.ബൽറാം

(എ) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.
4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക,

ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ രൂപരേഖ 07.11.2016-ലെ സ.ഉ.(പി) 186/2016/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം സുഗമമായി നടത്തുന്നതിന് ഉതകുന്ന വിധത്തിൽ വിവിധ തലങ്ങളിലുള്ള ടാസ്ക് ഫോഴ്സുകളും മിഷനുകളും |

രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ ലിസ്റ്റും കൂടാതെ ഭൗതിക സാഹചര്യ വികസനത്തിനുവേണ്ടി പ്രത്യേക സാമ്പത്തിക സഹായം നൽകേണ്ട സ്കൂളുകളുടെ ലിസ്റ്റും 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ആയതിന് ജില്ലാതല മിഷന്റെ അംഗീകാരം ലഭ്യമാക്കി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി KIIFB-മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. ടി പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ-ഹയർ സെക്കന്ററി സ്കൂൾ തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ്മുറികളാക്കുന്ന കർമ്മ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി KIIFB-യുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(സി) ഉണ്ട്.

പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപനരീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അംഗൻവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപന രീതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സു വരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക

എ) പഠന വിഷയങ്ങളിലെ ആശയദൃഢത, കണക്ക്, സയൻസ്, ഐടി വിഷയങ്ങളിലെ കുട്ടിയുടെ ധാരണയും കഴിവും.

ബി) പാഠ്യേതര വിഷയങ്ങളിലെ വൈവിദ്ധ്യവും ആർജ്ജവവും.

സി) സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ

ഡി) ഭാഷാ ജ്ഞാനം, കമ്യൂണിക്കേഷൻ സ്കിൽ, ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് ഉണ്ടാക്കുക.

ഇ) കുട്ടികളിൽ ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക.

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക
- ഉന്നത നിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്ക രീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക
- പാഠ്യേതര പഠനം ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നതിനും ഉതകുക.
- മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക വഴി സംസ്കാര

സമ്പന്നമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക.

- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക
- "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക വഴി പ്രകൃതിക്കിണങ്ങിയ 10,000 മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഇല്ലാത്ത അവസ്ഥ നേടുക
- അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക
- വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡവലപ്പ്മെന്റ് പരിപാടി സമഗ്രമാക്കുക വഴി കുട്ടികളിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- സ്കൂൾ വായനശാലകളും ലാബറട്ടറികളും ആധുനികവൽക്കരിക്കുക വഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസലിങ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

സെക്ഷൻ ഓഫീസർ